REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 29-06-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **സീഷെൽസിന്റെ പരമോന്നത ബഹുമതിയായ 'ഗാർഡിയൻ ഓഫ് ദി ബ്ലൂ ഹൊറൈസൺ', പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് പ്രസിഡന്റ് പാട്രിക് ഹെർമിനി സമ്മാനിച്ചു.**
- **പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം ഇന്ന് പുനഃരാരംഭിക്കും.**
- **മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച് ഇന്ന് മൂന്നാറിൽ കേരളവും തമിഴ്നാടും ചർച്ച നടത്തും.**
- **സംസ്ഥാനത്ത് പരക്കെ മഴയ്ക്ക് സാധ്യത. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**
- **ഫിഫ ലോകകപ്പ് ഫുട്ബോൾ ആദ്യ നോക്കൗട്ട് മത്സരത്തിൽ, ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി കാനഡ പ്രീക്വാർട്ടറിൽ.**

## വാർത്തകൾ വിശദമായി

സീഷെൽസിന്റെ പരമോന്നത ബഹുമതിയായ 'ഗാർഡിയൻ ഓഫ് ദി ബ്ലൂ ഹൊറൈസൺ' പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനി സമ്മാനിച്ചു. ബഹുമതി സ്വീകരിച്ച ശേഷം പ്രധാനമന്ത്രി സീഷെൽസിലെ ജനങ്ങൾക്കും ഗവണ്മെന്റിനും നന്ദി അറിയിച്ചു.

കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളിക്കെതിരെ പോരാടുന്ന രാജ്യങ്ങൾക്ക് അദ്ദേഹം പുരസ്ക്കാരം സമർപ്പിച്ചു. സുസ്ഥിര ജീവിത രീതി പിന്തുടരാൻ ലോകത്തെ ജനങ്ങളോട് നരേന്ദ്രമോദി ആഹ്വാനം ചെയ്തു.

✪✪✪

സീഷെൽസ് സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച ദേശീയ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്തു. പ്രധാനമന്ത്രി സീഷെൽസിലെ ജനങ്ങൾക്ക് ഇന്ത്യയുടെ ആശംസ അറിയിച്ചു.

ആഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത നരേന്ദ്രമോദി, ഈ ബഹുമതി ലഭിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയായി.

പ്രസിഡന്റ് പാട്രിക് ഹെർമിനിയുടെ ക്ഷണപ്രകാരം ശനിയാഴ്ചയാണ് നരേന്ദ്രമോദി സീഷെൽസിൽ എത്തിയത്. വിദേശകാര്യമന്ത്രി S.ജയ്ശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലം എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി സീഷെൽസിൽ മൗറീഷ്യസ് പ്രധാനമന്ത്രി ഡോ.നവീൻചന്ദ്ര റാംഗുലവുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും മൗറീഷ്യസും തമ്മിലെ സഹകരണത്തെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്തു. ഇന്ത്യ വിപുലീകരിച്ച പ്രത്യേക സാമ്പത്തിക പാക്കേജിന്റെ പുരോഗതി ചർച്ചയിൽ അവലോകനം ചെയ്തു.

നിലവിലെ ഉഭയകക്ഷി പദ്ധതികൾ മൗറീഷ്യസിന്റെ ആരോഗ്യ സംരക്ഷണം, കണക്റ്റിവിറ്റി, സുസ്ഥിര വികസനം, സമ്പദ്‌വ്യവസ്ഥ എന്നിവയ്ക്ക് സംഭാവന നൽകുമെന്ന് നരേന്ദ്രമോദി പറഞ്ഞു.

✪✪✪

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ കൗൺസിലിന്റെ 16-ാമത് യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. കേന്ദ്രമന്ത്രി J.P നദ്ദ, സമഗ്ര ശിശു ബാൽ സ്വാസ്ഥ്യ കാര്യക്രം, യോഗത്തിൽ ഉദ്ഘാടനം ചെയ്യും. അനീമിയ മുക്ത് ഭാരത് അഭിയാന്റെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രമന്ത്രി പുറത്തിറക്കും.

✪✪✪

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം ഇന്ന് പുനരാരംഭിക്കും. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെക്കുറിച്ച് ചർച്ചയും വോട്ടെടുപ്പും രണ്ടു ദിവസങ്ങളിലായി നടക്കും. പരിഷ്കരിച്ച ബജറ്റുമായി ബന്ധപ്പെട്ട ധനവിനിയോഗ ബിൽ സഭ മറ്റന്നാൾ പരിഗണിക്കും.

✪✪✪

സംസ്ഥാനത്ത് ഇന്നലെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷനിൽ 17 ലക്ഷത്തി 53,000 കുഞ്ഞുങ്ങൾക്ക് തുള്ളി മരുന്ന് നൽകിയതായി മന്ത്രി K.മുരളീധരൻ അറിയിച്ചു. 19 ലക്ഷത്തി 80,000 കുട്ടികൾക്കാണ് പോളിയോ നൽകേണ്ടിയിരുന്നത്. 88.53 ശതമാനം കുട്ടികൾക്ക് ഇന്നലെ തുള്ളിമരുന്ന് നൽകി.

ആരോഗ്യ പ്രവർത്തകരും വോളന്റിയർമാരും ഇന്നും, നാളെയും സംസ്ഥാനത്തെ മുഴുവൻ വീടുകളും സന്ദർശിച്ച് ശേഷിക്കുന്ന കുട്ടികൾക്ക് കൂടി മരുന്ന് നൽകും.

സ്വീകരിക്കാത്ത കുട്ടികൾക്ക് മരുന്ന് നൽകാൻ മാതാപിതാക്കൾ മുൻകൈ എടുക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച് ഇന്ന് മൂന്നാറിൽ കേരളവും തമിഴ്നാടും ചർച്ച നടത്തും. ജലവിഭവ-പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ചർച്ച. ഇരു സംസ്ഥാനങ്ങളുടേയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും.

ഡെസ്ക്ക് റിപ്പോർട്ട്

...(വോയ്സ്)...

പുതിയ ഡാം നിർമ്മിക്കണമെന്ന കേരളത്തിന്റെ ആവശ്യം തമിഴ്നാട്ടിലെ പുതിയ ഗവണ്മെന്റ് തള്ളുകയും ജലനിരപ്പ് ഉയർത്തണമെന്ന ആവശ്യം മുന്നോട്ട് വയ്ക്കുകയും ചെയ്തിരുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് മുല്ലപ്പെരിയാർ വിഷയം വീണ്ടും സജീവ ചർച്ചയാവുന്നത്. യോഗത്തിൽ ഇരു സംസ്ഥാനത്തെയും വകുപ്പ് സെക്രട്ടറിമാർ പങ്കെടുക്കും.

ചർച്ചയിൽ കേരളത്തിന്റെ നിലപാട് പാർലമെന്ററി കമ്മിറ്റിക്കു മുമ്പിൽ ഉന്നയിക്കുമെന്ന് മന്ത്രി മോൻസ് ജോസഫ് അറിയിച്ചു. പുതിയ ഡാം എന്നതാണ് കേരളത്തിന്റെ നിലപാടെന്നും, മൂന്നാറിലെ ചർച്ചയിൽ ശുഭ പ്രതീക്ഷയുണ്ടെന്നും അദ്ദേഹം പറഞ്ഞു. തമിഴ്നാട് നിലപാട് കടുപ്പിച്ചതായി തോന്നുന്നില്ലെന്നും, അവരുടെ നിലപാട് പറയുക മാത്രമാണ് ചെയ്തതെന്നും മോൻസ് ജോസഫ് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്നലെ ഒരാൾക്ക് കൂടി ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. കൊല്ലം ജില്ലയിലാണ് രോഗബാധ. സംസ്ഥാനത്ത് ഈ മാസം 191 പേർക്ക് രോഗബാധയും 6 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലാണ് ജൂൺ മാസം ഏറ്റവും കൂടുതൽ പേർക്ക് രോഗം സ്ഥിരീകരിച്ചത്.

✪✪✪

കോഴിക്കോട്ടെ നിപാബാധിതന്റെ സമ്പർക്കപ്പട്ടികയിൽ 21 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കിയ ഹൈ റിസ്ക് വിഭാഗത്തിൽപ്പെട്ട 4 പേരെയും, ലോ റിസ്ക് വിഭാഗത്തിൽപെട്ട 22 പേരെയും നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കി. ജില്ലയിൽ നിപ സമാനലക്ഷണങ്ങൾ കണ്ടവർക്കിടയിൽ നടത്തിയ പരിശോധനയിൽ 57 പേരുടെ ഫലവും നെഗറ്റീവ് ആണ്.

നിപ രോഗബാധിതൻ കോഴിക്കോട് മെഡിക്കൽ കോളേജ് വെന്റിലേറ്ററിൽ ചികിത്സ തുടരുന്നു.

✪✪✪

കേരളം കൈവരിച്ച നേട്ടങ്ങളെല്ലാം വിപരീത ദിശയിലേക്ക് കൊണ്ടുപോകാനാണ് UDF ഗവണ്മെന്റ് ശ്രമിക്കുന്നതെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ പറഞ്ഞു. C.K ഗോവിന്ദൻ നായർ - A.C ഷൺമുഖദാസ് അനുസ്മരണവും പുരസ്കാര സമർപ്പണവും കോഴിക്കോട് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

A.C ഷൺമുഖദാസ് പഠനകേന്ദ്രവും NCP (S) ജില്ലാകമ്മറ്റിയും ചേർന്ന് സംഘടിപ്പിച്ച ചടങ്ങിൽ ഷൺമുഖദാസ് സ്മാരക പുരസ്കാരം മുൻമന്ത്രി K കൃഷ്ണൻകുട്ടിക്ക് പിണറായി വിജയൻ സമ്മാനിച്ചു.

✪✪✪

പുതിയ ചീഫ് സെക്രട്ടറിയായി ബിശ്വനാഥ് സിൻഹ നാളെ ചുമതലയേൽക്കും. വിരമിക്കുന്ന ചീഫ് സെക്രട്ടറി ഡോ.A ജയതിലകിൽ നിന്നും അദ്ദേഹം ചുമതല ഏറ്റുവാങ്ങും. ദർബാർ ഹാളിൽ ജയതിലകിന് യാത്രയയപ്പുമുണ്ടാകും.

✪✪✪

സംസ്ഥാനത്ത് ഇന്ന് പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. രണ്ടു ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

...........(വോയ്സ്)..............

✪✪✪

ഇന്ന് ദേശീയ സ്ഥിതിവിവരക്കണക്ക് ദിനം. 'ഇന്ത്യൻ സ്ഥിതിവിവരക്കണക്കുകളുടെ പിതാവ്' എന്നറിയപ്പെടുന്ന പ്രൊഫ. P.C.മഹലനോബിസിന്റെ ജന്മദിനമാണ് സ്ഥിതിവിവരക്കണക്ക് ദിനമായി ആചരിക്കുന്നത്. ദേശീയ വികസനത്തിൽ ഡാറ്റാധിഷ്ഠിത ആസൂത്രണത്തിന്റെയും നയരൂപീകരണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണ ലക്ഷ്യം. 'ഭരണപരമായ ഡാറ്റയുടെ സാധ്യതകൾ തുറക്കുക' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോൾ ആദ്യ നോക്കൗട്ട് മത്സരത്തിൽ, ലോസ് ഏഞ്ചൽസിൽ ദക്ഷിണാഫ്രിക്കയെ മറുപടിയില്ലാത്ത ഒരു ഗോളിന് പരാജയപ്പെടുത്തി കാനഡ പ്രീക്വാർട്ടറിൽ പ്രവേശിച്ചു. രണ്ടാം പകുതിയുടെ അവസാന രണ്ടാം മിനിറ്റിൽ സ്റ്റീഫൻ യൂസ്റ്റാക്വിയോയാണ് കാനഡയുടെ വിജയഗോൾ നേടിയത്.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ.

.......(വോയ്സ്)..........

ഇന്ന് രാത്രി പത്തരയ്ക്ക് ബ്രസീൽ, ജപ്പാനുമായി ഏറ്റുമുട്ടും. നാളെ പുലർച്ചെ രണ്ടിന് ജർമ്മനി, പരാഗ്വെയെ നേരിടും.

✪✪✪

ലണ്ടനിൽ FIH ഹോക്കി പ്രോ ലീഗിന്റെ റിവേഴ്സ് മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം. പെനാൽറ്റി ഷൂട്ടൗട്ടിൽ ഇംഗ്ലണ്ടിനെ 3-2 ന് പരാജയപ്പെടുത്തിയാണ് ഇന്ത്യൻ പുരുഷ ഹോക്കി ടീം വിജയം നേടിയത്. ഹോക്കി ലോകകപ്പിന് മുമ്പ് ഇന്ത്യയുടെ അവസാന FIH ഹോക്കി പ്രോ ലീഗ് മത്സരമാണിത്.

✪✪✪

ICC വനിതാ ട്വന്റി-20 ലോകകപ്പ് അവസാന ഗ്രൂപ്പ് എ മത്സരത്തിൽ ഓസ്ട്രേലിയ ഇന്ത്യയെ 6 വിക്കറ്റിന് പരാജയപ്പെടുത്തി. ലണ്ടനിലെ ലോർഡ്സിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, നിശ്ചിത 20 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 170 റൺസെടുത്തു. മറുപടി ബാറ്റിങ്ങിൽ ഓസ്ട്രേലിയ 19 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 172 റൺസെടുത്തു.

✪✪✪

അയർലണ്ടിലെ ബെൽ ഫാസ്റ്റിൽ രണ്ടാം പുരുഷ ട്വന്റി -20 ക്രിക്കറ്റ് മത്സരത്തിൽ, അയർലൻഡ്, ഇന്ത്യയെ ഒരു റണ്ണിന് പരാജയപ്പെടുത്തി. ഇതോടെ രണ്ട് മത്സര പരമ്പര അയർലൻഡ് സ്വന്തമാക്കി.

✪✪✪

വിദ്യാർഥികളിൽ കാർഷിക സംസ്കാരം വളർത്തുന്നതിന് സ്കൂളുകളിൽ 'കതിർ' പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി T സിദ്ദിഖ് പറഞ്ഞു. എലത്തൂർ നിയോജകമണ്ഡലം MLA ഓഫീസ് കക്കോടിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

നിർമ്മിത ബുദ്ധിയുടെ കാലത്ത് വിദ്യാർത്ഥികൾക്ക് മുന്നിൽ ഒട്ടേറെ അവസരങ്ങളാണ് തുറന്നിട്ടിരിക്കുന്നതെന്നും, ഇത് പ്രയോജനപ്പെടുത്താൻ തയ്യാറാവണമെന്നും പ്രിയങ്ക ഗാന്ധി MP പറഞ്ഞു. തിരുവമ്പാടി മണ്ഡലം വിദ്യാഭ്യാസ പദ്ധതി പ്രഖ്യാപനവും 'മെറിറ്റ് ഈവ് 2026'-ന്റെ ഉദ്ഘാടനവും കോഴിക്കോട് മുക്കത്ത് നിർവഹിക്കുകയായിരുന്നു അവർ.

✪✪✪

വയനാട് ജില്ലയിലെ സ്വകാര്യ ബസുകൾ ഒരു ദിവസത്തെ സൂചനാ പണിമുടക്ക് തുടങ്ങി.

മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഗവണ്മെന്റ് അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ട് സ്വകാര്യ ബസ് ഉടമകളുടെ സംഘടനകളും സ്വകാര്യ ബസ് തൊഴിലാളി ട്രേഡ് യൂണിയനുകളും ചേർന്നാണ് സൂചനാ പണിമുടക്ക് നടത്തുന്നത്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: ശരണ്യ അനൂപ്*
*News Team: സബിത കെ*
*DEO: ഷീബ*